# <u>ചങ്ങനാശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിക്രമം</u>

ഹാജർ : പ്രമോദ്കുമാർ ആലപ്പടമ്പൻ

വിഷയം : പൊ.വി-എയ്ഡഡ്-നിയമനാംഗീകാരം - ശ്രീ ബിജോ ബാബു , ഓഫീസ് അറ്റെൻഡന്റ്, എം .ഡി .യു .പി .എസ്സ് വാകത്താനം - നിയമനതീയ്യതി ആയ 01.06.2022 മുതൽ 31/03/2023 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകി ഉത്തരവാകുന്നത് -

സംബന്ധിച്ച്

പരാമർശം : 1 . പൊ .വി എച്ച് 2 / 295299 / 2021 ഡി .ജി .ഇ തിരുവനന്തപുരം തീയതി 25/ 01/ 2023 ലെ സർക്കുലർ .

2. പൊ .വി എച്ച് 2 / 295299 / 2021 ഡി .ജി .ഇ തിരുവനന്തപുരം തീയതി 23/ 11/ 2022 ലെ സർക്കുലർ .

3. സ . ഉ (കൈ ) നം .88/ 2022 പൊ .വി .വ തിരുവനന്തപുരം തീയതി 27/ 05/ 2022 .

4. സ .ഉ (പി ) നം 29 / 2021/ ധന. തിരുവനതപുരം തീയതി 11/ 02/ 2021 .

## <u>ഉത്തരവ് നമ്പർ C/29400/2022 തീയതി 16/02/2023</u>

മതിയായ എണ്ണം കുട്ടികളില്ലാത്ത വിഭാഗത്തിൽപെടുന്ന വാകത്താനം എം ഡി യു പി സ്കൂളിലെ ഓഫീസ് അറ്റെൻഡന്റ് ശ്രീ ഷൈജു .ഇ .ഉമ്മൻ 17.02.2021 ൽ പ്രൊമോഷൻ ആയ ഒഴിവിൽ ശ്രീ ബിജോ ബാബുവിനെ 01.06.2022 മുതൽ 31/ 03/ 2023 വരെ ദിവസവേതനാടിസ്ഥാനത്തിൽ ഓഫീസ് അറ്റെൻഡന്റ് ആയി മാനേജർ നിയമിച്ചു . നിയമനാംഗീകാര അപേക്ഷ പരിശോധിച്ചതിൽ നിന്നും ഒഴിവ് വ്യവസ്ഥാപിതവും അപേക്ഷ പൂർണ്ണരൂപത്തിലുമാണ് .. .

ടി സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളായതിനാൽ നിയമനം ദിവസവേതനടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത് .പരാമർശം (1) പ്രകാരം സ്ഥാനക്കയറ്റം ,അവകാശികളുടെ നിയമനം ,ദിവസവേതനടിസ്ഥാനത്തിലുള്ള നിയമനം എന്നിവ ഒഴികെയുള്ള റെഗുലർ നിയമനങ്ങളാണ് റോസ്റ്റർ പ്രകാരം ഭിന്നശേഷി നിയമനത്തിനായി മാറ്റിവയ്‌ക്കേണ്ട ഒഴിവുകൾ . പരാമർശം (3 ) പ്രകാരം 2022 - 23 അധ്യയനവർഷം എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിലധികം ദൈർഘ്യമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപക/അനധ്യാപകരെ നിയമിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം 1 മുതൽ 4 വരെയുള്ള ഉത്തരവ് / സർക്കുലർ എന്നിവയിലെ നിർദ്ദേശമനുസരിച്ചും, മാനേജരും നിയമനാർത്ഥിയും സമർപ്പിച്ചിട്ടുള്ള സത്യപ്രസ്താവനകളുടെ അടിസ്ഥാനത്തിലും ശ്രീ ബിജോ ബാബുവിന്റെ 01.06.2022 മുതൽ 31/ 03/ 2023 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള ഓഫീസ് അറ്റെൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്ന .

ടി നിയമനാംഗീകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപെട്ടു സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കു വിധേയമായിരിക്കുന്നതാണ്

കെ ഇ ആർ അധ്യായം XIV A ചട്ടം 51 ൽ അനുശാസിക്കുന്ന വിധത്തിൽ ഭാവിയിലെ നിയമനങ്ങൾക്കു അവകാശം ഉണ്ടായിരിക്കുന്നതല്ല .ജോലി ചെയ്യുന്ന ദിവസങ്ങൾക്കു പ്രതിദിന വേതനം പരാമർശം 4 പ്രകാരമുള്ള സർക്കാർ ഉത്തരവനുസരിച്ചു 675 /-രൂപ പ്രാകാരം ശമ്പളം നൽകുന്ന ശീർഷകത്തിൽ നിന്നു നൽകാവുന്നതാണ്

Signature Valid
Digitally signed by PRAMODKUMAR ALAPPADAMPAN
Reason : Document Approved
Date : 19/02/2023 09:56 PM

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

ചങ്ങനാശേരി

സ്വീകർത്താവ്

മാനേജർ,        എം .ഡി .യു .പി .എസ്സ്  വാകത്താനം

പകർപ്പ്

1) പ്രധാനാദ്ധ്യാപിക :  എം .ഡി .യു .പി .എസ്സ്  വാകത്താനം

2) ശ്രീ ബിജോ ബാബു  (മാനേജർ മുഖേന)

3) കരുതൽ ഫയൽ